കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

*പ്രസിദ്ധീകരണത്തിന്*

തീയതി 30.01.2021

# തിരുവനന്തപുരം ഒബ്സർവേറ്ററി കോമ്പൗണ്ടിൽ ഫ്ളാറ്റ് ടൈപ്പ് സർക്കാർ ക്വാർട്ടേഴ്സുകളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിക്കും - മന്ത്രി ജി.സുധാകരൻ

തിരുവനന്തപുരം ഒബ്സർവേറ്ററി കോമ്പൗണ്ടിൽ പൊതുമരാമത്ത് വകുപ്പ് പണി പൂർത്തിയാക്കിയ രണ്ട് ഫ്ളാറ്റ് ടൈപ്പ് ക്വാർട്ടേഴ്സുകളുടെ ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ 31.01.2021 ന് രാവിലെ 10 മണിക്ക് നിർവ്വഹിക്കും.

തിരുവനന്തപുരത്ത് ധാരാളം സർക്കാർ കാര്യാലയങ്ങൾ പ്രവർത്തിച്ച് വരുന്നു. എന്നാൽ ജീവനക്കാർക്ക് മതിയായ താമസ സൗകര്യം ലഭിക്കാത്ത സാഹചര്യത്തിന് ഒരു പരിധിവരെ പരിഹാരമാകുന്ന തരത്തിൽ ഒബ്സർവേറ്ററി കോമ്പൗണ്ടിൽ 625.40 ലക്ഷം രൂപ ചെലഴിച്ച് ബഹുനില ക്വാർട്ടേഴ്സുകൾ നിർമ്മിച്ചത്. ആറ് ക്വാർട്ടറുകൾ അടങ്ങിയ രണ്ട് ഫ്ളാറ്റുകളാണ് പണി പൂർത്തിയായിട്ടുള്ളത്. നവകേരള മന്ദിരം ബ്ലോക്ക് എ എന്ന് നാമകരണം ചെയ്ത സമുച്ചയത്തിൽ 194 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ടൈപ്പ് 4 ക്വാർട്ടേഴ്സുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടൈപ്പ് 4 ക്വാർട്ടേഴ്സിൽ 3 കിടപ്പു മുറികൾ, ഒരു ഡ്രോയിംഗ് കം ഡൈനിംഗ്, അടുക്കള, വർക്ക് ഏരിയ, സ്റ്റോർ റൂം, വരാന്ത എന്നിവ ഉൾപ്പെട്ടിരിക്കുന്നു. നവകേരള മന്ദിരം ബ്ലോക്ക് ബി എന്ന് നാമകരണം ചെയ്തിരിക്കുന്ന കെട്ടിട സമുച്ചയത്തിൽ 161 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ടൈപ്പ് 3 ക്വാർട്ടേഴ്സുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടൈപ്പ് 3 ക്വാർട്ടേഴ്സിൽ രണ്ട് ബാത്ത് അറ്റാച്ച്ഡ് കിടപ്പു മുറികൾ, ഡ്രോയിംഗ് കം ഡൈനിംഗ്, അടുക്കള, വർക്ക് ഏരിയ, സ്റ്റോർ റൂം, വരാന്ത എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ടൈപ്പ് 4 ക്വാർട്ടേഴ്സുകളുടെ ആകെ വിസ്തീർണ്ണം 828 ചതുരശ്രമീറ്ററും ടൈപ്പ് 3 ക്വാർട്ടേഴ്സുകളുടെ ആകെ വിസ്തീർണ്ണം 706 ചതുരശ്രമീറ്ററുമാണ്. മൂന്ന് നിലകളിലായിട്ടുള്ള ഈ കെട്ടിടത്തിന്റെ വാസ്തുഘടന പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗവും, സ്ട്രക്ചറൽ രൂപകല്പന പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗവുമാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് 14 ജില്ലകളിലായി നാലായിരത്തിൽപരം ക്വാർട്ടേഴ്സുകൾ നിലവിലുണ്ട്. ഇവയിൽ ഫ്ളാറ്റ് രീതിയിലുള്ള ക്വാർട്ടേഴ്സുകളും ഒരോ കെട്ടിടങ്ങളായുള്ള ക്വാർട്ടേഴ്സുകളും ഉൾപ്പെടുന്നു. സർക്കാർ ക്വാർട്ടേഴ്സുകളുടെ പരിപാലനം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗമാണ് ചെയ്തു വരുന്നത്. തിരുവനന്തപുരം ഒബ്സർവേറ്ററിയിലെ ഫ്ളാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് കൂടാതെ തിരുവനന്തപുരത്ത് നേതാജി നഗറിൽ 7.85 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന 18 ക്വാർട്ടറുകൾ ഉൾപ്പെടുന്ന കെട്ടിട സമുച്ചയവും, തിരുവനന്തപുരം ഹരിഹർ നഗറിൽ 6 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ബഹുനില കെട്ടിട സമുച്ചയവും ആലപ്പുഴ ജില്ലയിൽ 4.16 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ബഹുനില കെട്ടിട സമുച്ചയവും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും മന്ത്രി ജി.സുധാകരൻ പറഞ്ഞു.